©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2018 ജൂലൈ 17<br>17th July 2018<br>1193 കർക്കടകം 1<br>1st Karkadakam 1193<br>1940 ആഷാഢം 26<br>26th Ashadha 1940 | നമ്പർ<br>No. | 29 |

## PART III

# Police Department

പുനർ ലേല പരസ്യം

നമ്പർ ഇ1 (എ)-63015/2017/റ്റി. 2018 ജൂൺ 26.

തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ അധീനതയിൽ കടക്കാവൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ നിൽക്കുന്ന ഒരു മഴമരം ലേലം ചെയ്തു വിൽപ്പന നടത്തുവാനായി 6 തവണ ലേലം നടത്തിയെങ്കിലും വിൽപ്പന നടന്നിട്ടില്ലാത്തതാണ്. ആയതിനാൽ മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിച്ച് 26-7-2018 തീയതി ഈ മഴമരം വിൽപന നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഇപ്രകാരം ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ മുദ്രവച്ച ക്വട്ടേഷനുകൾ നേരിട്ടോ തപാൽമാർഗ്ഗമോ 25-7-2018-ാം തീയതി 4 മണിക്ക് മുൻപായി തിരുവനന്തപുരം റൂറൽ ജില്ലാ AR ക്യാമ്പ് അസിസ്റ്റന്റ് കമാണ്ടന്റിന്റെ ഓഫീസിൽ കിട്ടത്തക്കവണ്ണം നൽകേണ്ടതാണ്. കുറഞ്ഞത് മൂന്ന് (03) ക്വട്ടേഷനുകൾ ലഭിച്ചാൽ മാത്രമേ ലേലം സാധുവായി പ്രഖ്യാപിക്കുകയുള്ളൂ. ഇപ്രകാരം ലഭിക്കുന്ന ക്വട്ടേഷനുകൾ 26-7-2018-ാം തീയതി 11 മണിക്ക് പങ്കെടുക്കുന്നവരുടെ സാന്നിദ്ധ്യത്തിൽ കടക്കാവൂർ പോലീസ് സ്റ്റേഷനിൽവച്ച് തുറക്കുന്നതും കൂടിയ തുകയ്ക്ക് ലേലം താത്കാലികമായി സ്ഥിരപ്പെടുത്തുന്നതുമായിരിക്കും.

ഒന്നിൽ കൂടുതൽ ക്വട്ടേഷനുകൾ ഒരേ തുക വരികയാണെങ്കിൽ കൂടിയ തുക വിളിക്കുന്നവരുടെ പേരിൽ താൽക്കാലികമായി വിൽപ്പന ഉറപ്പിക്കുന്നതാണ്. ഇപ്രകാരം ലേലം ഉറപ്പിച്ചുകിട്ടുന്നവർ ലേല തുകയുടെ പകുതി ലേല സ്ഥലത്ത് വച്ചുതന്നെ അടയ്ക്കേണ്ടതും ബാക്കി തുകയും 18% GST-യും ലേലം ഉറപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ലഭിച്ചാലുടൻ തന്നെ അടയ്ക്കേണ്ടതുമാണ്. കൂടാതെ അപ്രകാരമുള്ള ആകെ തുകയുടെ 5% വനവികസന നികുതിയായി "0406-01-101-96-00 FDT" എന്ന ശീർഷകത്തിൽ ഡിവിഷൻ കോഡ് 2/1001 ആയി ചെലാൻ മുഖാന്തിരം ഒടുക്കേണ്ടതാണ്. മരം സ്വന്തം ചെലവിൽ മുറിച്ചുമാറ്റേണ്ടതുമാണ്.

പ്രസ്തുത നിബന്ധനകൾക്ക് വിപരീതമായി ലേലം കൊണ്ടയാൾ നിലകൊള്ളുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽകൂട്ടുന്നതും പുനർലേലം നടത്തുന്നതുമായിരിക്കും. പുനർ ലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയത് ടിയാനിൽ നിന്നും ഈടാക്കുന്നതും മുൻ തുകയേക്കാൾ കൂടുതൽ കിട്ടിയാൽ ആയതിന്മേൽ ടിയാന് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതുമല്ല. മേൽപ്പറഞ്ഞ മരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ കടക്കാവൂർ S. H. O- യുടെ അനുവാദത്തോടെ രാവിലെ 10 മണിക്കും 5 മണിക്കും ഇടയ്ക്ക് പരിശോധിക്കാവുന്നതാണ്. യാതൊരു മുന്നറിയിപ്പും കൂടാതെ ഈ ലേലം റദ്ദാക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

District Police Office,
Thiruvananthapuram Rural.
sptvmrl.pol@kerala.gov.in

P. Asok Kumar, IPS,
*District Police Chief.*

## ലേല പരസ്യം

നമ്പർ ഇ2/8300/2016/ക്യു. സി. 2018 മേയ് 23.

കൊല്ലം ജില്ലാ സായുധസേനാ ക്യാമ്പിൽ സൂക്ഷിച്ചിരിക്കുന്നതും ഡിപ്പാർട്ടുമെന്റിന് ഉപയോഗമല്ലാത്തതുമായ താഴെ സൂചിപ്പിച്ചിട്ടുള്ള ഡിപ്പാർട്ടുമെന്റ് വാഹനങ്ങൾ 2018 ജൂലൈ 28-ന് പകൽ 11 മണിക്ക് മേൽപ്പടി കാര്യാലയത്തിൽ വച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കപ്പെടുന്നതാണ്.

| ക്രമ നമ്പർ | വാഹന രജിസ്ട്രേഷൻ നമ്പർ | വർഷം | നിരതദ്രവ്യം (`) |
|---|---|---|---|
| 1 | KL 01 AN 445, Tata Sumo | 2006 | 12,000 |
| 2 | KL 01 AS 6529, Invader | 2008 | 9,000 |
| 3 | KL 01 AS 6125, Invader | 2008 | 9,000 |
| 4 | KL 01 AG 8202, Bullet (പുനർലേലം) | 2002 | 5,000 |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല സ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് മുകളിൽ കാണിച്ചിരിക്കുന്ന തുക നിരതദ്രവ്യമായി കെട്ടിവയ്ക്കേണ്ടതും ആയത് ഡെപ്യൂട്ടി കമാണ്ടന്റിന്റെ കാര്യാലയത്തിലടച്ച് രസീത് വാങ്ങേണ്ടതുമാണ്. കൂടാതെ ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവരിൽ നിന്നും മുൻകൂട്ടി സീൽ ചെയ്ത കവറുകളിൽ ദർഘാസുകൾ നേരിട്ടോ തപാൽമാർഗ്ഗമോ ഡെപ്യൂട്ടി കമാണ്ടന്റിന്റെ കാര്യാലയത്തിൽ സ്വീകരിക്കുന്നതാണ്. ദർഘാസിൽ 'ഡിപ്പാർട്ടുമെന്റ് വാഹനങ്ങൾ' എന്ന് രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ നിരതദ്രവ്യ തുകയുടെ നിരക്കിൽ ഏതെങ്കിലും ഒരു ദേശസാൽകൃത ബാങ്കിൽ നിന്നും കൊല്ലം സിറ്റി പോലീസ് കമ്മീഷണറുടെ പേരിൽ വാങ്ങിയ ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതുമാണ്. ലേലം കഴിഞ്ഞാലുടൻ ടെണ്ടറുകൾ തുറക്കുന്നതും ലേലത്തിന്റെയോ ദർഘാസിന്റെയോ തുകയിൽ ഏതാണോ കൂടുതൽ ആയതിന് ലേലം ഉറപ്പിക്കുന്നതുമാണ്. ലേലം എടുത്തയാൾ ഉടൻ തന്നെ ലേലത്തുകയുടെ പകുതി സംഖ്യയും (നികുതി ഉൾപ്പെടെ) നിരതദ്രവ്യം കഴിച്ച് ലേലസ്ഥലത്ത് വച്ച് തന്നെ അടച്ച് രസീത് വാങ്ങേണ്ടതാണ്. ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടി 10 ദിവസത്തിനകം ബാക്കി ലേലത്തുക മുഴുവൻ അടച്ച് സ്വന്തം ഉത്തരവാദിത്വത്തിൽ ലേലവസ്തുക്കൾ നീക്കം ചെയ്യേണ്ടതാണ്.

മേൽപ്പറഞ്ഞ നിബന്ധനകൾക്ക് വിപരീതമായി ടിയാൻ പ്രവർത്തിക്കുകയാണെങ്കിൽ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽകൂട്ടുന്നതും പുനർലേലം നടത്തുന്നതും ആയിരിക്കും. അതുമൂലം എന്തെങ്കിലും നഷ്ടം സർക്കാരിന് സംഭവിക്കുകയാണെങ്കിൽ ആയത് മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതുമായിരിക്കും. മറിച്ച് ലാഭമുണ്ടാകുകയാണെങ്കിൽ ആയതിന് മുൻലേലക്കാരൻ അർഹനല്ലാത്തതുമായിരിക്കും. ലേലവസ്തുക്കൾ ലേലത്തിന് മുമ്പുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് കൊല്ലം ജില്ലാ സായുധസേനാ കമാണ്ടന്റിന്റെ മുൻകൂർ അനുവാദത്തോടുകൂടി പരിശോധിക്കാവുന്നതാണ്. യാതൊരു കാരണവും കൂടാതെ ലേലം മാറ്റിവയ്ക്കുന്നതിനും ലേലം/ദർഘാസ് വിൽപ്പന അസ്ഥിരപ്പെടുത്തുന്നതിനും ഉള്ള പൂർണ്ണാധികാരം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

City Police Office,
Kollam.
cpklm.pol@kerala.gov.in

Dr. Arul R. B. Krishna IPS,
*District Police Chief.*

---

## ലേല പരസ്യം

നമ്പർ ഇ2-13310/2016/കെ. 2018 ജൂൺ 26.

കോട്ടയം ജില്ലാ പോലീസ് ഡിസ്ട്രിക്ട് ഹെഡ്ക്വാർട്ടേഴ്സിൽ സൂക്ഷിച്ചിരിക്കുന്നതും പോലീസ് വകുപ്പിന് ഉപയോഗം ഇല്ലാത്തതുമായ ചുവടെ ചേർത്തിരിക്കുന്ന വാഹനങ്ങൾ 27-7-2018-ാം തീയതി പകൽ 11 മണിക്ക് കോട്ടയം ജില്ലാ പോലീസ് ഡിസ്ട്രിക്ട് ഹെഡ് ക്വാർട്ടേഴ്സിൽ (സായുധസേനാ ക്യാമ്പിൽ) വച്ച് പരസ്യമായി പുനർ ലേലം/ടെണ്ടർ വഴി വിൽപ്പന നടത്തുന്നതാണ്.

| ക്രമ നമ്പർ | രജിസ്ട്രേഷൻ നമ്പർ | മോഡൽ | വാഹന ഇനം | നിരതദ്രവ്യം (`) |
|---|---|---|---|---|
| 1 | KL 01 X 9344 | 2002 | Tata Open Lorry | 9,000 |
| 2 | KL 01 Z 747 | 2002 | Tata 709 Bus | 9,500 |
| 3 | KL 01 AA 9412 | 2003 | Ambassador | 2,000 |
| 4 | KL 01 AQ 7087 | 2007 | Invader | 9,000 |
| 5 | KL 01 AQ 7079 | 2007 | Invader | 9,000 |
| 6 | KL 01 AQ 7091 | 2007 | Invader | 9,000 |
| 7 | KL 01 AQ 7095 | 2007 | Invader | 8,000 |
| 8 | KL 01 AQ 7099 | 2007 | Invader | 8,500 |
| 9 | KL 01 AN 504 | 2006 | Tata Sumo | 6,000 |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിനുമുമ്പായി ലേലസ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പായി നിരതദ്രവ്യം അടച്ച് രസീത് വാങ്ങേണ്ടതുമാണ്. കൂടാതെ ഇതിലേക്ക് സീൽ ചെയ്ത ദർഘാസുകളും സ്വീകരിക്കുന്നതാണ്. ദർഘാസുകളുടെ പുറത്ത് കണ്ടംചെയ്ത ഡിപ്പാർട്ടുമെന്റ് വാഹനങ്ങളുടെ ക്വട്ടേഷൻ എന്നെഴുതി കോട്ടയം ജില്ലാ പോലീസ് മേധാവിക്ക് 25-7-2018-ാം തീയതിക്ക് മുമ്പായി ലഭിക്കത്തക്കവിധം നേരിട്ടോ തപാൽ മുഖേനയോ നൽകാവുന്നതാണ്. ക്വട്ടേഷനോടൊപ്പം നിരതദ്രവ്യം അടച്ച രസീതും ഉണ്ടായിരിക്കണം.

ലേലം കഴിഞ്ഞാലുടൻ ക്വട്ടേഷനുകൾ തുറക്കുന്നതും ലേലത്തിലോ ക്വട്ടേഷനിലോ ഏതിലാണോ കൂടുതൽ തുക വരുന്നത് ആ ആളിന് ലേലം സ്ഥിരപ്പെടുത്തിക്കൊടുക്കുന്നതും ടിയാൻ ലേലസംഖ്യയുടെ പകുതിയും മൊത്തം തുകയുടെ വിൽപനനികുതിയും അപ്പോൾത്തന്നെ അടയ്ക്കേണ്ടതും ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് ലഭിച്ചാലുടൻ ബാക്കി തുക അടച്ച് ടി സാധനങ്ങൾ സ്വന്തം ചെലവിൽ കോട്ടയം ജില്ലാ പോലീസ് ഡിസ്ട്രിക്ട് ഹെഡ് ക്വാർട്ടേഴ്സിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണ്. ലേലം കൊള്ളാത്തവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാലുടൻ തിരികെ നൽകുന്നതാണ്.

മേൽപ്പറഞ്ഞ നിബന്ധനകൾക്ക് വിപരീതമായി ലേലംകൊണ്ടയാൾ പ്രവർത്തിക്കുകയാണെങ്കിൽ ടിയാൻ അടച്ച സംഖ്യ മുഴുവൻ സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും പുനർലേലം ചെയ്യുന്നതുമാണ്. പുനർലേലത്തിൽ സർക്കാരിനെന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയത് ലേലം കൊണ്ടയാളിൽനിന്നും ഈടാക്കുന്നതും കൂടുതൽ തുക ലഭിച്ചാൽ ആയതിന് ടിയാന് അർഹതയുണ്ടായിരിക്കുന്നതുമല്ല.

മേൽ പ്രസ്താവിച്ചിരിക്കുന്ന വാഹനങ്ങൾ ലേലത്തിന് തൊട്ടു മുൻപുള്ള 10 പ്രവൃത്തിദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെയുള്ള സമയത്ത് കോട്ടയം ജില്ലാ പോലീസ് ഡിസ്ട്രിക്ട് ഹെഡ് ക്വാർട്ടേഴ്സിൽ നിന്നും ബന്ധപ്പെട്ടവരുടെ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ ലേലം മാറ്റിവയ്ക്കുന്നതിനും ലേലം അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം കോട്ടയം ജില്ലാ പോലീസ് മേധാവിക്ക് ഉണ്ടായിരിക്കുന്നതാണ്.

District Police Office,
Kottayam.
spktym.pol@kerala.gov.in

Hari Sankar, IPS,
*District Police Chief.*